കുഴപ്പത്തിലാവുകയും ചെയ്തത് ഏതെങ്കിലും ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു വരാതിരിക്കാൻവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: കൃത്യമായി അത്തരം ഉദ്യോഗസ്ഥൻമാർ പങ്കെടുക്കണമെന്ന് സർക്കുലറുകളും മറ്റു നിർദ്ദേശങ്ങളും ഇനിയും കൊടുക്കാവുന്നതാണ്; ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ: ഏതു സ്ഥാപനമാണ് ഇങ്ങനെ നഷ്ടത്തിലും വിഷമത്തിലും വന്നിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം.

ശ്രീ. പി. ആർ. ശിവൻ: ഗവൺമെൻറിന് ഷെയറുള്ള സ്ഥാപനങ്ങളിൽ ഗവൺമെൻറു നോമിനേറ്റു ചെയ്യുന്ന ബോർഡംഗങ്ങൾ പങ്കെടുക്കാതിരിക്കുകയും അതിൽ ഭൂരിപക്ഷം ഷെയറുള്ള സ്വകാര്യ ഉടമയുടെ താൽപ്പര്യത്തെ പ്രതിനിധാനം ചെയ്യുന്ന ബോർഡംഗങ്ങൾ എടുക്കുന്ന തീരുമാനങ്ങളുടെ അടിയിൽ ആ ദിവസത്തിനുശേഷം ഒപ്പുവച്ചുകൊടുക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം കേസുകൾ ചൂണ്ടിക്കാണിച്ചാൽ അവരോടു സമാധാനമാവശ്യപ്പെടുമോ?

ശ്രീ. ഇ. കെ. നായനാർ: പങ്കെടുക്കാതെ ഒപ്പിട്ടതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെ വല്ലതുമുണ്ടെങ്കിൽ ഗൗരവമായി കണക്കിലെടുത്തു സമാധാനം ചോദിക്കാവുന്നതാണ്; പങ്കെടുക്കാതെ ഒപ്പുവച്ചിട്ടുണ്ടെങ്കിൽ.

പണിമുടക്ക് നിരോധന ഓർഡിനൻസ്

* 577 (632) ശ്രീ. കെ. ശ്രീധരൻ:
,, വൈക്കം വിശ്വൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, സി. പി. മുസ്സാൻകുട്ടി:
,, വി. വി. ജോസഫ് (കുണ്ടറ):
,, സി. ടി. കൃഷ്ണൻ:
,, എം. കെ. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണിമുടക്ക് നിരോധന ഓർഡിനൻസ് തൊഴിലാളി വിരുദ്ധവും ജനാധിപത്യവിരുദ്ധവുമാണെന്ന് ഈ ഗവൺമെൻറ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ ഓർഡിനൻസ് പിൻവലിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യപ്പെടുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, (എ) ഉണ്ട്.

(ബി) ഓർഡിനൻസ് പിൻവലിക്കണമെന്നു കേരളനിയമസഭതന്നെ പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓർഡിനൻസിനെക്കുറിച്ചുള്ള സംസ്ഥാന ഗവൺമെൻറിന്റെ പ്രതികരണം കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. തൊഴിലാളികളുടെ അംഗീകൃതമായ അവകാശങ്ങൾ നിയന്ത്രിക്കുന്ന ഒരു നിയമമാണിത്. വിലക്കയറ്റം മൂലം നിത്യജീവിതം ദുസ്സഹമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്തരത്തിലൊരു നടപടി വ്യവസായ മേഖലയിൽ വ്യാപകമായ അസംതൃപ്തിക്കും അസ്വാസ്ഥ്യത്തിനും മാത്രമേ കാരണമാവുകയുള്ളു. ഈ നിയമം ദുരുപയോഗപ്പെടുത്തി സ്വകാര്യ മാനേജുമെൻറുകൾ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നിഷേധിക്കാനും സാധ്യതയുണ്ട്. സംസ്ഥാന ഗവൺമെൻറിന്റെ ഈ അഭിപ്രായങ്ങൾ കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ശ്രീധരൻ: ഈ സംസ്ഥാന ഗവൺമെൻറിനു പുറമെ മറ്റു വല്ല സംസ്ഥാന ഗവൺമെൻറും ഈ പണിമുടക്കുനിരോധന ഓർഡിനൻസ് ശരിയല്ലെന്നഭിപ്രായപ്പെട്ടിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ബംഗാൾ മുഖ്യമന്ത്രിയുടെ അഭിപ്രായവും പ്രസ്താവനയും പത്രങ്ങളിൽ വന്നിട്ടുണ്ട്. അതുപോലെ ത്രിപുര മുഖ്യമന്ത്രിയുടേതും. മറെറാന്നും ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. കെ. ശ്രീധരൻ: പണിമുടക്ക് നിരോധന ഓർഡിനൻസ് ശരിയല്ലെന്നു നമ്മുടെ നിയമസഭ പറഞ്ഞനിലയ്ക്ക്, ഇവിടെ നിന്ന് ഡൽഹിയിലേക്കു പോകുന്ന അഖിലകക്ഷി പ്രതിനിധി സംഘം സംസ്ഥാന ഗവൺമെൻറിന്റെ വികാരം കേന്ദ്രഗവൺമെൻറിനെ അറിയിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: ഇപ്പോൾ പേറുകുന്നത് യോജിച്ചു പാസാക്കിയ ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. അതിലെ സംഗതികൾ സംബന്ധിച്ചാണ്. അതിന്റെ കൂടെ വേണ്ട, എമ്പ്രാന്റെ വെളിച്ചത്ത് വാര്യരുടെ ഊണു വേണ്ട, എന്നുവച്ചിട്ട് മുഖ്യമന്ത്രി എന്ന നിലയ്ക്ക്, അസംബ്ലി പാസ്സാക്കിയതു കൊടുക്കാം. ഡെലിഗേഷന്റെ പേരിൽ കൊടുക്കാൻ പറ്റുകയില്ല. ഡെലിഗേഷൻ പോകുന്നത് പ്രത്യേകം പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. വൈക്കം വിശ്വൻ: പണിമുടക്കു നിരോധന ഓർഡിനൻസിനെ ഏതെങ്കിലും തൊഴിലാളി സംഘടനയോ രാഷ്ട്രീയ പാർട്ടിയോ സ്വാഗതം ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തതായി അറിയാമോ?

ശ്രീ. ഇ. കെ. നായനാർ: അതിൽ പ്രതിഷേധിക്കാതിരിക്കുന്ന ഒരു പാർട്ടിയുടെ വിങ്ങിനെപ്പററി അറിയാം—കോൺഗ്രസ് (ഐ) യുടേത്. ഒരു വിഭാഗം ഐ. എൻ. ടി. യു. സി—കോൺഗ്രസ് (ഐ)—തന്നെ എതിർക്കുകയാണ്. ഒരു വിഭാഗം ഐ. എൻ. ടി. യു. സി.—കോൺഗ്രസ് (ഐ) ഇതിനെ എതിർക്കുമ്പോൾ ഒരു വിഭാഗം ഐ. എൻ. ടി. യു. സി. കോൺഗ്രസ് മാത്രം അനുകൂലിക്കുകയാണു ചെയ്തിട്ടുള്ളത്. ബാക്കി എല്ലാ ട്രേഡ് യൂണിയനുകളും രാഷ്ട്രീയ പാർട്ടികളും ഇതിനെ എതിർത്തിട്ടുണ്ട്.

ശ്രീ. വൈക്കം വിശ്വൻ: ഐ. എൻ. ടി. യു. സി. (ഐ) ഇതിനെ സ്വാഗതം ചെയ്യുന്നതോടൊപ്പംതന്നെ വേറൊരു വിങ്ങ് വിമർശിച്ചു എന്നും അതേ സമയം വ്യവസായ പ്രമുഖരെകെ ഇതിനെ സ്വാഗതം ചെയ്തുവെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: വ്യവസായ പ്രമുഖരിൽ ടാറ്റ തന്നെയാണ് ആദ്യം സ്വാഗതം ചെയ്തത്. അതേ സമയം ഐ. എൻ. ടി. യു. സി. യുടെ ഒരു വിങ്ങും സ്വാഗതം ചെയ്തു. ഒരു വിങ്ങ് അതിൽ പ്രതിഷേധം പ്രകടിപ്പിച്ച് 17-ാം തീയതിയിലെ പ്രകടനത്തിലും അവരുടെ സമ്മേളന ത്തിലും ഡൽഹിയിലെ പ്രതിഷേധത്തിലും പങ്കെടുത്തു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇൻഡ്യ വളരെ പ്രധാനപ്പെട്ട ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുകയാണെന്നും ഇൻഡ്യയ്ക്കു ചുറ്റും ശത്രുക്കളും, സാമ്രാജ്യശക്തികളും, അണിനിരക്കുകയാണെന്നും ഇൻഡ്യൻ പ്രധാനമന്ത്രി ചെയ്ത പ്രസ്താവനയുടെ സാഹചര്യത്തിൽ ആഭ്യന്തരമായി ജനങ്ങളെ ഭിന്നിപ്പിച്ചു നിർത്താനും ഏതാനും എണ്ണം വരുന്ന കുത്തക മുതലാളിമാർക്കുവേണ്ടി, അദ്ധ്വാനിക്കുന്ന തൊഴിലാളികളെ വരിഞ്ഞു കെട്ടാനും കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തോടു പ്രതിഷേധം രേഖപ്പെടു ത്താൻ ഈ രാജ്യത്തെ മുഴുവൻ ജനങ്ങളേയും ഒന്നിച്ച് അണിനിരത്താനുള്ള ശ്രമത്തിനു ഗവൺമെൻറ് മുൻകൈയെടുക്കുമോ?

ശ്രീ. ഇ. കെ. നായനാർ: ഗവൺമെൻറല്ല ബഹുജന സംഘടനകളാണ് അതിനു മുൻകൈയെടുക്കേണ്ടത്. ഗവൺമെൻറ് ഇവിടെ ചർച്ച ചെയ്തത് നമ്മുടെ അഭിപ്രായം അറിയിച്ചുകഴിഞ്ഞു. അതു നമ്മൾ അംഗീകരിക്കു കയും ചെയ്തിട്ടുണ്ട്. ബഹുജന സംഘടനകളും അതിനു മുൻകൈയെടുക്കു മെന്നാണു പ്രതീക്ഷിക്കുന്നത്. അതിന് അവർ ചില പരിപാടികളും ചർച്ച ചെയ്തു രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അതു ശക്തിമത്തായി മുൻപോട്ടു പോകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എസ്. ഗോവിന്ദകുറുപ്പ്: പണിമുടക്ക് നിരോധന ഓർഡി നൻസിനെ സംബന്ധിച്ചിടത്തോളം കേന്ദ്രമന്ത്രി ശ്രീ. സി. എം. സ്റ്റീ ഫൻ കഴിഞ്ഞകാലത്ത് നടത്തിയിട്ടുള്ള പ്രതികൂലമായ പ്രസ്താവന ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ: ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്റ്റീഫൻ മാത്രമല്ല ചില മന്ത്രിമാരും ഇങ്ങനെയുള്ള പ്രസ്താവനകളും ചെയ്തി ട്ടുണ്ട്. അദ്ദേഹത്തിന്റെ യൂണിയനിൽപ്പെട്ട പി. ആൻറ് ടി. ക്കാരും ഇത് അംഗീകരിക്കുന്നില്ലെന്നുള്ളതാണ് വസ്തുത.

ശ്രീ. സി. പി. മൂസാൻകുട്ടി: പണിമുടക്ക് നിരോധന ഓർഡിന ൻസിന്റെ മറവിൽനിന്നുകൊണ്ട് ചില മുതലാളിമാർ തൊഴിലാളികളെ പ്രഹരിക്കുന്നതിനുവേണ്ടി സ്ഥാപനങ്ങളും ഫാക്ടറികളും ലോക്കൗട്ട് ചെയ്തുകൊണ്ട് തൊഴിലാളികളെ ഭയപ്പെടുത്തുന്ന ചില നടപടികളും സ്വീകരിച്ചുവരുന്നുണ്ട്; അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അത്തരം നടപടികളിൽനിന്നും തൊഴിലാളികളെ രക്ഷിക്കാൻ നടപടികളും എടുക്കുമോ ?

ശ്രീ. ഇ. കെ. നായനാർ: കേരളത്തിൽ ഇത്തരം സംഭവങ്ങളും ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. കേരളത്തിനു പുറത്ത് പലതും നടക്കുന്നുണ്ട്.

ശ്രീ. വി. വി. ജോസഫ് (കുണ്ടറ): ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന തിനുവേണ്ടി പണിമുടക്ക് നിരോധിക്കുന്നു എന്നുള്ള അടിസ്ഥാനത്തി ലാണ് ഇത് കൊണ്ടുവന്നതെന്നുപറഞ്ഞു. അതേസമയം കഴിഞ്ഞ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

നാല് വർഷമായി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള കഴിവ് ഉണ്ടായിരുന്നിട്ടുപോലും മുതലാളിമാരുടെ വ്യവസായ സ്ഥാപനങ്ങൾ ഉൽപ്പാദനം പരമാവധി കൂട്ടാനുള്ള കഴിവുകൾ ഉപയോഗിക്കാതെ വിലക്കയറ്റം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത് എന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേരളത്തിൽ പണിമുടക്കിന്റെ ദിവസങ്ങൾ കണക്കിലെടുത്താൽ കഴിഞ്ഞ വർഷത്തേക്കാൾ കുറവാണെന്നു കാണാൻകഴിയും. 1980 ലെ പണിമുടക്കു ദിവസങ്ങൾ 1979 ലേതിനേക്കാൾ കുറവാണ്. 1981 ലും 1980നേക്കാൾ കുറവാണ്. തൊഴിലാളികളുടെ ഭാഗത്തുനിന്നും അല്ല മറിച്ച് ലോക്കൗട്ടിന്റെ ഫലമായി ആണ് ഉൽപ്പാദനം കുറഞ്ഞിട്ടുള്ളത്. കൂടാതെ നമ്മുടെ തോട്ടം തൊഴിലാളികൾക്ക് കഴിഞ്ഞ ജൂൺ 1-ാം തീയതി മുതൽ 64 നയാ പൈസ വർദ്ധിപ്പിച്ചു കിട്ടേണ്ടതായിരുന്നു. ഇന്നത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് അത് വാങ്ങിക്കാതെ സസ്പെൻറ് ചെയ്തത് നിർത്തിക്കൊണ്ടാണ് തൊഴിലാളികൾ ഇപ്പോൾ ജോലിചെയ്യുന്നത്. മൂന്നു ലക്ഷത്തിൽപ്പരം വരുന്ന തോട്ടം തൊഴിലാളികൾ ഒരു ദിവസം 64 പൈസ നഷ്ടപ്പെട്ടുകൊണ്ട് കേരളത്തിലെ വ്യാവസായികമായ തകർച്ചയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാൻവേണ്ടി സംഭാവന ചെയ്യുന്നുണ്ട്. അവർ കുഴപ്പം സൃഷ്ടിക്കുന്നു എന്നു പറയുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ല.

ശ്രീ. സി. ടി. കൃഷ്ണൻ: കേന്ദ്ര ഗവൺമെൻറ് പുറപ്പെടുവിച്ച ഈ പണിമുടക്ക് നിരോധന ഓർഡിനൻസ് കേരളത്തിലെ ഏത്ര സ്ഥാപനങ്ങളെ ബാധിക്കുമെന്നും മൊത്തം ഏത്ര തൊഴിലാളികൾ ഉൾപ്പെടുമെന്നും വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. നായനാർ: അതിന് പ്രത്യേകിച്ച് നോട്ടീസ് വേണം.

ശ്രീ. സി. ടി. കൃഷ്ണൻ: ഈ ഓഡിനൻസ് ഇന്ന വിധത്തിലാണ് നടപ്പിലാക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് എന്തെങ്കിലും പ്രത്യേക നിർദ്ദേശം സംസ്ഥാന ഗവൺമെൻറിന് കേന്ദ്ര ഗവൺമെൻറിൽ നിന്നും ലഭിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ: അത് വന്നുകഴിഞ്ഞിട്ടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ കേന്ദ്ര ഓർഡിനൻസിൽ ലോക്കൗട്ട്, റിട്രഞ്ച്മെൻറ് എന്നിവയെ സംബന്ധിച്ച് ഒരു വാക്കു പോലും ഇല്ലാതിരിക്കെ ഇതിൽ ലോക്കൗട്ടും പെടുമെന്നുള്ള പ്രധാനമന്ത്രിയുടെ വിചിത്രമായ വാദഗതി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതിനെ സംബന്ധിച്ച നിയമപരമായ കാര്യത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ: ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഓർഡിനൻസിൽ ലോക്കൗട്ട് ഇല്ല. പിന്നീടുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ ലോക്കൗട്ടിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു ചോദ്യത്തിന് ഉത്തരമായി മൂന്നു ലക്ഷം തോട്ടം തൊഴിലാളികൾ ഡി. എ. വേണ്ടെന്നു പറഞ്ഞെന്നു പറഞ്ഞു. അത് എന്താണെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ശരിക്ക് കേട്ടില്ല. എന്റെ ചോദ്യത്തിന് ഉത്തരമായി അത് പറയാൻ സൻമനസ്സ് ഉണ്ടാകുമോ ?

ശ്രീ. ഇ. കെ. നായനാർ: അവർക്കു 64 പൈസ കിട്ടേണ്ടതായിരുന്നു. ഇനിയും വാങ്ങിക്കാനുള്ള അവകാശമുണ്ട്. ഇപ്പോൾ അവർ സമ്മർദ്ദം ചെലുത്തിക്കൊണ്ട് സമരത്തിന് ഇറങ്ങിയിട്ടില്ല. അങ്ങനെയുള്ള ഒരു സമീപനം അവർ എടുത്തിട്ടുണ്ട്.

ശ്രീ. സി. എ. കുര്യൻ: നിയമാനുസരണം തൊഴിലാളികൾക്ക് കിട്ടേണ്ട ഡി. എ. ഏതെങ്കിലും നിയമത്തിന്റെയോ ഏതെങ്കിലും ഓർഡിനൻസിന്റെയോ പേരിൽ ഏതെങ്കിലും തോട്ടം ഉടമ നിഷേധിച്ചുകഴിഞ്ഞാൽ ഈ രാജ്യത്തെ തൊഴിലാളികൾ സമ്മതിക്കുകയില്ലെന്നുള്ളതു മനസിലാക്കിക്കൊണ്ട് ഗവൺമെന്റ് അതിന് അനുകൂലമായ നടപടികൾ എടുക്കുമോ ?

ശ്രീ. ഇ. കെ. നായനാർ: ഗവൺമെന്റ് കുറയ്ക്കുന്നതിൽ ഒരിക്കലും അനുകൂലമല്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ തൊഴിലാളികളുടെ പ്രതിനിധികളുമായി സംസാരിച്ചുകൊണ്ട് വേണ്ട സമീപനം സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ ഓർഡിനൻസ് പിൻവലിക്കണമെന്ന് കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയ സാഹചര്യത്തിൽ മുഖ്യമന്ത്രി കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി നടത്താൻ പോകുന്ന നിവേദനത്തിൽ ഈ ഓർഡിനൻസ് പിൻവലിക്കണമെന്നുള്ള ആവശ്യം കൂടി ഉൾപ്പെടുത്തുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ഇ. കെ. നായനാർ: ആ മെമ്മോറാണ്ടത്തിന്റെ കൂടെ ഇത് കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. മുൻകൂട്ടി പാസ്സാക്കിയ പ്രമേയം ഇതിനു മുമ്പ് അയച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: അവശ്യ സർവ്വീസുകളിൽ പണിമുടക്കുകൾ നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസിൽ പ്രതിഷേധിച്ചാണ് ഇന്ന് പ്രതിപക്ഷം മൗനവ്രതം ആരംഭിച്ചതെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്താണ് പറയാനുള്ളത് ?

ശ്രീ. ഇ. കെ. നായനാർ: അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടില്ല. അങ്ങനെയാണെങ്കിൽ അത് അവർതന്നെ പാസ്സാക്കിയ പ്രമേയത്തോടുള്ള ആത്മാർത്ഥതയില്ലായ്മയുടെ നിലപാടായിരിക്കും.

ശ്രീ. പി. ആർ. ശിവൻ: കേന്ദ്ര വ്യവസായവകുപ്പു മന്ത്രി ശ്രീ. പ്രണാബ് മുഖർജി വെളിപ്പെടുത്തി, കൊച്ചു തുടങ്ങിയ സാധനങ്ങൾ ഇറക്കുമതി ചെയ്യുകയില്ലെന്ന് വളരെ രഹസ്യമായി പ്രതിപക്ഷ നേതാവിന് അയച്ച പ്രണയലേഖനത്തിൽ വ്യക്തമാക്കിയിരുന്നതുപോലെതന്നെ ഈ പണിമുടക്ക് നിരോധനനിയമം കേരളത്തിൽ നടപ്പിലാക്കുകയില്ലെന്ന് അദ്ദേഹത്തിന് വല്ല കത്തും ലഭിച്ചതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: അത്തരത്തിൽ യാതൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. പി. കരുണാകരൻ: പണിമുടക്ക് നിരോധന ഓർഡിനൻസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള നിയമസഭ പാസ്സാക്കിയ പ്രമേയം പൂർണ്ണമായി ശരിയാണെന്നു തെളിയിക്കത്തക്കവിധത്തിൽ ഈ കഴിഞ്ഞ 17-ാം തീയതി കേരളത്തിലെ സംഘടിത തൊഴിലാളി വിഭാഗങ്ങളും മറെറല്ലാ വിഭാഗങ്ങളും പണിമുടക്കി ഈ ഓർഡിനൻസിനെതിരായ പ്രതിഷേധം രേഖപ്പെടുത്തിയ വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് മാനിച്ചുകൊണ്ട് മാറ് സംസ്ഥാനങ്ങളിൽ നടന്നതുപോലുള്ള ശക്തിയായ പ്രതിഷേധം കേരളത്തിലും വന്നിട്ടുണ്ടെന്നുള്ളത് കണക്കിലെടുത്തുകൊണ്ട് മുഖ്യമന്ത്രി ഡെൽഹിയിൽ പോകുന്ന അവസരത്തിൽ ഇത് പിൻവലിക്കണമെന്നുപറയാൻ തയ്യാറാകുമോ?

ശ്രീ. ഇ. കെ. നായനാർ: ഇപ്പോഴും വ്യത്യസ്തമായ ചിന്താഗതിയുള്ളവരെല്ലാംകൂടി പോകുന്നതാണ്. മുഖ്യമന്ത്രിയെന്നുള്ള നിലയിൽ കേരളത്തിൽ നിന്നും പാസ്സാക്കിയ പ്രമേയം പ്രധാനമന്ത്രിക്ക് കൊടുക്കാൻകഴിയും. അല്ലാതെ ഡെലിഗേഷന്റെ സാന്നിദ്ധ്യത്തിൽ കൊടുക്കാൻ സാധിക്കുകയില്ല. കാരണം അതിനെ എതിർത്ത ആളുകളും ഉണ്ട്. പ്രത്യേകിച്ച് അംഗീകരിച്ച ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ജോയിൻറാ യിട്ടുള്ള മെമ്മോറാണ്ടം കൊടുക്കുന്നത്. അല്ലാതെ കേരള അസംബ്ലി പാസാക്കിയിട്ടുള്ള പ്രമേയം നിയമസഭാനേതാവെന്നുള്ള നിലയിൽ പ്രത്യേകിച്ച് കൊടുക്കാൻ കഴിയും.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: പണിമുടക്ക് നിരോധന ഓർഡിനൻസ് വന്നപ്പോൾ ആദ്യമായി സ്വീകരിച്ചത് ഇൻഡ്യൻ വർത്തകമണ്ഡലവും ഇൻഡ്യൻ വ്യവസായ സംഘടനകളും ആണെന്നുള്ളതുകൊണ്ടുതന്നെ അവരുടെ താൽപ്പര്യം സംരക്ഷിക്കാൻ കരുതികൂട്ടി കേന്ദ്ര ഗവൺമെൻറ് കൊണ്ടുവന്നതാണ് ഇതെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അത് ശരിയാണോ?

ശ്രീ. ഇ. കെ. നായനാർ: തീർച്ചയായും തൊഴിലാളികളുടെ ജനാധിപത്യാവകാശങ്ങളെ ബാധിക്കുന്നതാണ് ഈ ഓർഡിനൻസ്. അതിനെ തടയുന്നതുമാണ്. ആദ്യമേ അതിനെ സ്വാഗതം ചെയ്തിട്ടുള്ളത് ഇൻഡ്യൻ വർത്തക മണ്ഡലവും മുതലാളിത്ത സംഘടനകളുമാണ്. അതാണ് യാഥാർത്ഥ്യം. അതുകൊണ്ട് അത് ആരെയാണ് സഹായിക്കുന്നതെന്നുള്ളത് വളരെ വ്യക്തമാണ്. ജനാധിപത്യശക്തികളേയോ തൊഴിലാളിവർഗ്ഗങ്ങളേയോ അല്ല.

ശ്രീ. സി, ബി. സി. വാര്യർ: ഈ ഓർഡിനൻസ് പിൻവലിക്കണമെന്നുള്ള പ്രമേയം ഈ സഭ ചർച്ചചെയ്യുന്ന അവസരത്തിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളെ നിയമസഭ ബഹിഷ്കരിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. നായനാർ: ഈ ഓർഡിനൻസിനെ പുറത്തല്ലാം എതിർത്തുപോന്ന ജനതാപാർട്ടി ഇപ്പോഴും പ്രതിപക്ഷത്താണ്. ഇതിനെ എതിർത്ത് വോട്ടുചെയ്യുന്ന അവസരത്തിൽ അവരുടെ പ്രതിനിധികളും ആരും ഇല്ലായിരുന്നു. ബോധപൂർവമാണോ അല്ലയോ എന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. ഏതായാലും ഉണ്ടായിരുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly